**ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള എട്ടാമത് വിദേശകാര്യ കാര്യാലയ ചർച്ചകളും അഞ്ചാമത് തന്ത്രപ്രധാന ചർച്ചകളും**

ആഗസ്ത് 03, 2016

ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള എട്ടാമത് വിദേശകാര്യ കാര്യാലയ ചർച്ചകളും (Foreign Office Consultations (FOC) , അഞ്ചാമത് തന്ത്രപ്രധാന ചർച്ചകളും ആഗസ്ത് 02, 2016 ൽ ന്യൂഡെൽഹിയിൽ നടന്നു. ഇന്ത്യയുടെ പ്രതിനിധികളെ സെക്രട്ടറി (കിഴക്ക് ) ശ്രീമതി പ്രീതി സരൺ നയിച്ചു. വിയറ്റ് നാം പ്രതിനിധികളെ വിയറ്റ്നാം വിദേശകാര്യ സഹമന്ത്രി ഹിസ് എക്സലൻസി വു ഹോങ് നാം നയിച്ചു

നടക്കുവാനിരിക്കുന്ന ഉന്നതതല സന്ദർശനങ്ങൾ, അടുത്തവർഷത്തെ നയതന്ത്ര ബന്ധങ്ങളുടെ നാൽപ്പത്തിയഞ്ചാം വാർഷിക ആഘോഷങ്ങൾ, രാഷ്ട്രീയ, സുരക്ഷാ മേഖലയിലെ സഹകരണനങ്ങളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ, വ്യാപാരവും നിക്ഷേപവും , ആരോഗ്യരംഗത്തെ സഹകരണം, ഊർജം, കാർഷിക മേഖല, ഗതാഗതം, ലൈൻ ഓഫ് ക്രെഡിറ്റ് , വിയറ്റ്നാമിലെ കാര്യശേഷി നിർമാണ പദ്ധതികൾ ജനങ്ങൾ തമ്മിലുള്ള വർധിക്കുന്ന ബന്ധങ്ങൾ ഉൾപ്പെടെ ഉഭയകക്ഷി ബന്ധങ്ങളുടെ എല്ലാ വശങ്ങളും പൂർണമായ രീതിയിൽ വിദേശകാര്യകാര്യാലയ ചർച്ചയിൽ ഇരു വിഭാഗവും അവലോകനം ചെയ്തു . ഐക്യരാഷ്ട്രസഭയിലെയും അന്താരാഷ്ട്ര സംഘടനകളിലെയും സഹകരണവും ഉൾപ്പെടെ മേഖലാ ബഹുമുഖതല വിഷയങ്ങൾ എന്നിവയിൽ പരസ്പരമുള്ള ഉത്കണ്ഠകളിലെ വിനിമയങ്ങൾ തന്ത്രപ്രധാന ചർച്ചയിൽ നടന്നു .സമുദ്രനിയമങ്ങളിൽ 1982ലെ ഐക്യരാഷ്ട്രസഭയുടെ കൺവെൻഷനിലെ (UNCLOS) അംഗീകരിക്കപ്പെട്ട അന്താരാഷ്ട്ര നിയമ തത്വങ്ങൾക്കു അനുസൃതമായി എല്ലാ തർക്കങ്ങൾക്കും സമാധാനപരമായ പരിഹാരം ആവശ്യമെന്നും സമുദ്രസംബന്ധമായ മേഖലയിലെ അടുത്തയിടെ ഉണ്ടായ മാറ്റങ്ങളും ഇരു വശവും ചർച്ച ചെയ്തു. ഐക്യരാഷ്ട്ര വികസിപ്പിച്ച സുരക്ഷാ കൌൺസിലിൽ ഇന്ത്യക്ക് സ്ഥിരാംഗത്വത്തിനുള്ള മത്സരത്തിൽ തങ്ങൾ നൽകുന്ന പിന്തുണ വിയറ്റ്നാം ഉറപ്പിച്ച് പറഞ്ഞു

ന്യൂഡെൽഹി
ആഗസ്ത് 03, 2016